**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2020** **12-09-2023 - ൽ മറുപടിയ്ക്ക്**

**നാടൻ ഇനം പശുക്കളെ സംരക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നാടൻ പശു ഇനങ്ങളെ വളർത്തുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>2019-20 വർഷത്തെ അപേക്ഷിച്ച് 2020-21 ൽ കേരളത്തിലെ നാടൻ പശുക്കളുടെ എണ്ണത്തിൽ നേരിയ കുറവ് മാത്രമാണുണ്ടായിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയിൽ വെച്ചൂർ, സഹിവാൾ എന്നീ ജനുസ്സുകളിലെ കന്നുകാലികളുടെ വംശവർദ്ധനവിനായി ഭ്രൂണമാറ്റ സാങ്കേതിക വിദ്യ ഉപയോഗിച്ചുവരുന്നുണ്ട്. അതിൻ പ്രകാരം ഇതുവരെ 32 സഹിവാൾ കിടാങ്ങളെയും, 9 വെച്ചൂർ കിടാങ്ങളെയും കെ.എൽ.ഡി ബോർഡിന്റെ മാട്ടുപ്പെട്ടി ഫാമിൽ ഉൽപാദിപ്പിച്ചു. ഇതിനു പുറമെ IVF സാങ്കേതിക വിദ്യ ഉപയോഗിച്ച് ലോകത്തിലാദ്യമായി ഗാഢശീതീകരിച്ച വെച്ചൂർ ഭ്രൂണത്തിൽ നിന്ന് അഭിമന്യൂ എന്ന കാളക്കിടാവിനെ മാട്ടുപ്പെട്ടി ഫാമിൽ സൃഷ്ടിച്ചെടുക്കുകയും ചെയ്തു. |
| (ബി) | നാടൻ ഇനം പശുക്കളെ സംരക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ് ആവിഷ്കരിക്കുമോ; വിശദമാക്കുമോ; | (ബി) | **കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിലുള്ള വെച്ചൂർ ഫാമിൽ 200 വെച്ചൂർ പശുക്കളേയും 25 കാസർഗോഡ് കുള്ളൻ പശുക്കളേയും സംരക്ഷിക്കുന്നുണ്ട് സർവ്വകലാശാലയുടെ കീഴിൽ പൂക്കോട (വയനാട്), തിരുവിഴാംകുന്ന് (പാലക്കാട്), തുമ്പൂർമുഴി (തൃശ്ശൂർ) എന്നീ കേന്ദ്രങ്ങളിലു വെച്ചൂർ പശുക്കളെ സംരക്ഷിച്ചു വരുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽ നിന്നെല്ലാം കർഷകർക്ക പശുക്കളെ നൽകി വരുന്നു. കൂടാതെ നാഷണൽ ഗോകുൽ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നീ ജനുസ്സുകളുടെ ജനിതക മേൻമ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു കോടി രൂപയുടെ പദ്ധതിയ്ക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഗുണമേന്മയുള്ള** |

| | | | |
|---|---|---|---|
| | | | **ബീജം കർഷകർ വളർത്തുന്ന വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളുടെ ബീജാധാനത്തിന് ലഭ്യമാക്കുന്നതും, ഉൽപാദന ക്ഷമത കൂടിയ പശുക്കളെ ജനിതക സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്തത് വർഗ്ഗോദ്ധാരണം നടത്തി പശുക്കിടാങ്ങളെ കർഷകർക്ക ലഭ്യമാക്കുന്നതായിരിക്കും.** |
| (സി) | വെച്ചൂർ, കാസർഗോഡ് കുള്ളൻ തുടങ്ങിയ ഇനങ്ങളെ ആവശ്യാനുസരണം കർഷകർക്ക് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) | വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയുടെ **ഗാഢശീതീകരിച്ച ബീജമാത്രകൾ അതാത് ഇനത്തിലെ പശുക്കളെ കൃത്രിമ ബീജധാനം നടത്താൻ കെ.എൽ.ഡി ബോർഡ് ലഭ്യമാക്കിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ